


**ഈ അധ്യാപക ദിനത്തിൽ ഒരു കൂട്ടുകാരൻ തന്റെ അനുഭവം ഇവിടെ പങ്കുവെക്കുന്നു**

# ഞങ്ങളുടെ കണക്ക് മാഷ്

• മുഹമ്മദ് യാസീൻ കരുളായി

ശാന്തിനികേതൻ, കോട്ടക്കൽ
ഗോൾഡൻ സെൻട്രൽ സ്കൂൾ, കോട്ടക്കൽ

ഞങ്ങളുടെ സ്കൂളിൽ ഒരു മാഷുണ്ടായിരുന്നു. അദ്ദേഹത്തെ എല്ലാവർക്കും പേടിയായിരുന്നു. പേടിക്കാനുള്ള കാരണം ഒന്നാമത് അദ്ദേഹത്തിന്റെ വിഷയം കണക്കാണ്. ക്ലാസിൽ വന്നാലുടൻ ബോർഡിലൊരു ചോദ്യമെഴുതി ഓരോരുത്തരെ വിളിച്ച് ഉത്തരം കണ്ടെത്താൻ ആവശ്യപ്പെടും. മിക്ക ദിവസങ്ങളിലും ഉത്തരം ആർക്കും ലഭിക്കാറില്ല. പിന്നെ അന്നത്തെ ക്ലാസ് മുഴുവൻ എണീറ്റു നിന്ന് കേൾക്കണം, അതിന് പുറമെ ചൂരലുകൊണ്ട് ചൂടുള്ള അടി മിനിമം ഒരു നാലെണ്ണമെങ്കിലും കിട്ടും.

എല്ലാവരെയും പോലെ പിന്നീട് ഞാനും ആ കണക്ക് മാഷിനെ വെറുത്തു. അദ്ദേഹത്തെ ഞാൻ കളിയാക്കാൻ തുടങ്ങി. ചെറിയ ചെറിയ പണികളും കൊടുത്തു. ഓഫീസിലേക്കു കയറുമ്പോൾ പുറത്തഴിച്ചുവെച്ച അദ്ദേഹത്തിന്റെ ഷൂസ് ഞാൻ എടുത്തുമാറ്റിവെക്കാറുണ്ട്. എന്നിട്ട് സോക്സിട്ട് ഷൂ തിരയുന്നത് ഒളിഞ്ഞുനിന്ന് നോക്കി ചിരിക്കും.

എല്ലാവർക്കും പേടിയായതുകൊണ്ട് എല്ലാവരും കണക്ക് നന്നായി പഠിക്കാറുണ്ടായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം സ്കൂൾ വിട്ടു സൈക്കിളിൽ പോകുമ്പോൾ ചീറിപ്പാഞ്ഞുവന്ന വണ്ടിയെ ഞാൻ ശ്രദ്ധിച്ചില്ല. അതെന്നെ ഇടിച്ചിട്ട് നിർത്താതെ പോയി. തലയടിച്ച് തെറിച്ച് വീണു. എത്ര ശ്രമിച്ചി

▸▸ ഏറ്റവും കൂടുതൽ കൊഴുപ്പ് അടങ്ങിയ സുഗന്ധവ്യഞ്ജനം– ജാതിക്ക



ട്ടും എണീറ്റു നിൽക്കാൻ കഴിഞ്ഞില്ല. ആരും തിരിഞ്ഞുനോക്കിയതുപോലുമില്ല. പക്ഷേ പെട്ടെന്ന് രണ്ടു കൈകൾ വന്ന് എന്നെ എടുത്തു. പിന്നെ ഒന്നും ഓർമയില്ലായിരുന്നു. രണ്ടു മണിക്കൂർ കഴിഞ്ഞിട്ടാണ് ബോധം വന്നത്. കണ്ണുതുറന്നപ്പോൾ ഞാൻ ആശുപത്രിയിലായിരുന്നു. മരണത്തിന്റെ വക്കിൽനിന്ന് രക്ഷിച്ച ആ ദൈവദൂതനെ കാണണം. പതിയെ കിടക്കയിൽനിന്ന് ഒന്ന് തലപൊക്കി നോക്കി. എന്റെ കണ്ണുകൾ നിറഞ്ഞു.

ആ കൈകൾ മറ്റാരുടേതുമല്ലായിരുന്നു. ഞാൻ ധാരാളം കളിയാക്കിയ, ഞാൻ വെറുത്ത എന്റെ കണക്കു മാഷ്.

തലക്കു മുകളിൽ തൂക്കിയിട്ട ഡ്രിപ് കഴിയാറായപ്പോഴേക്കും ഉപ്പയും ഉമ്മയും ഓടിവരുന്നത് കണ്ടു. ഡ്രിപ് കഴിഞ്ഞ് വീട്ടിലേക്ക് പോയി.

രണ്ടു മാസത്തിനുശേഷം ഞങ്ങളുടെ വാർഷിക പരീക്ഷയുടെ റിസൾട്ട് വന്നു. സ്കൂളിലെ എല്ലാവരും ഞെട്ടി. എല്ലാവർക്കും കണക്കിന് നല്ല മാർക്ക് ഉണ്ടായിരുന്നു.

◆

## അഞ്ച് മൂക്കന്മാർ

ഉറുമ്പുകൾക്ക് അഞ്ച് മൂക്കുണ്ടത്രേ; തീരെ ചെറുതായതിനാൽ നമുക്കത് കാണാൻ കഴിയുന്നില്ലെന്നു മാത്രം. ഓരോ മൂക്കും ഓരോ വ്യത്യസ്തതരം ഗന്ധം തിരിച്ചറിയാനുള്ളതാണ്.



▸▸ ഇന്ത്യയിൽ ഏറ്റവും വലിയ കടുവാ സംരക്ഷണ കേന്ദ്രം– നാഗാർജുന സാഗർ(ആന്ധ്രാപ്രദേശ്)